ബൈബിൾ – ഖുർആൻ: ഒരു താരതമ്യപഠനം–21

# ശിഷ്യന്മാർ യേശുവിനെ തള്ളിപ്പറഞ്ഞുവോ?

● ഇ.സി സൈമൺ മാസ്റ്റർ

**ഊതിപ്പെരുപ്പിച്ച്** നിറംപിടിപ്പിച്ച പല കഥകളും യേശുവിനെപ്പറ്റി ബൈബിളിൽ കാണാം. അതിലൊന്നാണ് മത്തായിയും മാർക്കോസും വിവരിക്കുന്ന അത്തിമരത്തിന്റെ കഥ. ഒരിക്കലദ്ദേഹം ശിഷ്യരൊന്നിച്ച് ബഥനിയയിൽനിന്ന് ജറൂസലമിലേക്ക് പോയി. വഴിയിൽ അദ്ദേഹത്തിനു വിശന്നു. റോഡരികിൽ ഒരു അത്തിവൃക്ഷം കണ്ടു, പഴം ലഭിക്കുമെന്ന് കരുതി അടുത്തുചെന്നു. എന്നാൽ ഇലയല്ലാതെ അതിന്മേൽ പഴമൊന്നും കണ്ടില്ല. കാരണം, അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു അത്. വിഷണ്ണനും കുപിതനുമായ യേശു മരത്തെ ശപിച്ചു. ഉടനെ മരം കടയോടെ ഉണങ്ങിപ്പോയി (മാർക്കോസ് 11: 12–14, 20, 21; മത്തായി 21: 18–20).

ഈ കഥ നേരാണെങ്കിൽ ഉന്നതനായ ഒരു പ്രവാചകന് യോജിക്കുന്നതായില്ല യേശുവിന്റെ പ്രവൃത്തി. അത്തിവൃക്ഷം കായ്ക്കുകയും പഴമുണ്ടാകുകയും ചെയ്യാത്ത കാലത്ത് പഴത്തിനു വേണ്ടി വൃക്ഷത്തെ സമീപിക്കുകയില്ല സമചിത്തരായ ആരുംതന്നെ. അതും പോരാഞ്ഞ് പഴം കിട്ടാതെ വന്നാൽ മരത്തോടു കയർക്കുകയോ ശപിച്ച് അതിനെ ഉണക്കിക്കളയുകയോ ദൈവത്തിന്റെ പ്രവാചകൻ ചെയ്യുമെന്ന് സങ്കൽപിക്കുകയേ സാധ്യമല്ല.

മാർക്കോസ് രേഖപ്പെടുത്തിയ ഈ കഥ മത്തായി പകർത്തിയപ്പോൾ പക്ഷേ യേശുവിന് അനുകൂലമായി ഒരു കാര്യം ചെയ്തു. 'അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു' എന്ന വാക്യം അദ്ദേഹം ഒഴിവാക്കി. കഥയിലെ പ്രകടമായ യുക്തിഭംഗം അതോടെ ഇല്ലാതായി. എങ്കിലും മറ്റു ചില വൈരുധ്യങ്ങൾ പിന്നെയും ബാക്കിയാണ്. ശപിച്ച ഉടനെത്തന്നെ വൃക്ഷം ഉണങ്ങിയതായി കണ്ട ശിഷ്യന്മാർ ചോദിക്കുന്നു: 'ഇത്ര പെട്ടെന്ന് ഈ മരം ഉണങ്ങിയതെങ്ങനെ?' എന്നാൽ മാർക്കോസിന്റെ വിവരണത്തിൽ ശിഷ്യന്മാർ അതു കാണുന്നത് പിറ്റെ ദിവസം രാവിലെ മാത്രം.

അത്തിമരത്തിന്റെ കഥ യേശുവിന് ആക്ഷേപാർഹമാണെങ്കിൽ, യേശുവിനും അദ്ദേഹത്തിന്റെ പ്രമുഖ ശിഷ്യൻ ശീമോൻ പത്രോസിനും ഒട്ടും അഭിമാനാർഹമല്ലാത്തതാണ് പത്രോസ് യേശുവിനെ തിരസ്കരിക്കുന്ന കഥ. വരാനുള്ള കാര്യങ്ങൾ മുൻകൂട്ടി പറയുന്നതിന് അസാമാന്യമായ കഴിവുള്ളയാളാണ് അദ്ദേഹമെന്ന് വിശ്വസിപ്പിക്കുന്നതിനു വേണ്ടി മെനഞ്ഞെടുത്ത പോലെയാണ് ഈ സംഭവം തോന്നുക.

പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ദിവസം (പെസഹാ) ഭക്ഷണം കഴിഞ്ഞ് സന്ധ്യക്കുശേഷം യേശു ശിഷ്യന്മാരോടു പറഞ്ഞു: 'ഇന്നു രാത്രി എല്ലാവരും എന്നെ ഉപേക്ഷിച്ച് ഓടിപ്പോകും.' ശീമോൻ പത്രോസ് പറഞ്ഞു: 'എല്ലാവരും ഉപേക്ഷിച്ചാലും ഞാൻ അങ്ങയെ ഉപേക്ഷിക്കയില്ല.' എന്നാൽ യേശു അവനോട് പറഞ്ഞു: 'ഇന്നു രാത്രി കോഴി രണ്ടു പ്രാവശ്യം കൂകുന്നതിനുമുമ്പ് നീ മൂന്നു പ്രാവശ്യം എന്നെ നിഷേധിച്ചുകൊണ്ട് അറിയുകയില്ലെന്നു പറയും.' പത്രോസ് പറഞ്ഞു: 'നിന്നോടു കൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ നിഷേധിക്കുകയില്ല.' എന്നാൽ യേശു പറഞ്ഞ വിധമാണ് സംഭവിച്ചത്.

യഹൂദ പുരോഹിതന്മാർ നേതൃത്വം കൊടുത്ത അക്രമി സംഘം വടികളും വാളുകളുമായി യേശുവിനെ പിടികൂടിയപ്പോൾ ശിഷ്യന്മാരെല്ലാവരും ഓടി രക്ഷപ്പെട്ടതായാണ് വിവരണം. പിന്നീട് വിചാരണ സ്ഥലത്തെത്തിയ പത്രോസ് മുറ്റത്തിരിക്കുകയായിരുന്നു. ഒരു പരിചാരിക അവനോട്, നീയും ആ ഗലീലിയക്കാരൻ യേശുവിനോടുകൂടെ ആയിരുന്നല്ലോ എന്നു പറഞ്ഞു. നീ പറയുന്നതെന്തെന്ന് എനിക്ക് മനസ്സിലാകുന്നില്ല എന്നായിരുന്നു പത്രോസിന്റെ മറുപടി. അവൻ വാതിൽക്കലേക്കു പോയപ്പോൾ മറ്റൊരു സ്ത്രീ അടുത്തുനിന്നവരോടു പറഞ്ഞു: 'ഈ മനുഷ്യനും യേശുവിന്റെ കൂടെ ആയിരുന്നു.' ഞാൻ അയാളെ അറിയുകയില്ലെന്ന് പത്രോസ് ആണയിട്ടു നിഷേധിച്ചു. കുറേ കഴിഞ്ഞപ്പോൾ വേറെ ചിലർ പറഞ്ഞു: 'നീ അവരിൽ ഒരുവനാണെന്ന് തീർച്ച; നിന്റെ സംസാരരീതി അതു തെളിയിക്കുന്നുണ്ട്.' ഞാൻ ആ മനുഷ്യനെ അറിയുകയില്ലെന്ന് പറഞ്ഞ് പത്രോസ് സ്വയം ശപിക്കാനും ആണയിടാനും തുടങ്ങി. ഉടനെ കോഴി രണ്ടാമതും കൂകി. കോഴി രണ്ടു പ്രാവശ്യം കൂകുന്നതിനു മുമ്പ് നീ മൂന്നു പ്രാവശ്യം എന്നെ ഉപേക്ഷിക്കുമെന്ന് യേശുപറഞ്ഞത് അയാൾ ഓർത്തു. അവൻ ദുഃഖിതനായി പശ്ചാത്തപിച്ചു. അങ്ങനെ യേശു പറഞ്ഞത് പൂർണമായി.

കഥയിൽ യേശുവിന്റെ പ്രവചനം ശരിവെക്കപ്പെട്ടെങ്കിലും ഈ സംഭവം വാസ്തവത്തിൽ അദ്ദേഹത്തിന് അഭിമാനിക്കാവുന്നതല്ല. ആരംഭം മുതൽ അവസാനം വരെ കൂടെനിന്ന് യേശുവിന്റെ എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുത്ത ഒരു പ്രധാന ശിഷ്യൻ ഗുരുവിന്റെ ജീവൻ അപകടത്തിലായ നിർണായക ഘട്ടത്തിൽ അൽപമെങ്കിലും നന്ദിയോ സ്നേഹമോ ഇല്ലാതെ മനസ്സാക്ഷിയെ വഞ്ചിച്ച് ഇപ്രകാരം ഗുരുനിന്ദ കാണിച്ചു എന്നു വിശ്വസിക്കാൻ പ്രയാസം.

ദൈവത്തിന്റെ ഒരു പ്രവാചകൻ നേരിട്ടു പഠിപ്പിച്ച് അനവധി ദൈവിക ദൃഷ്ടാന്തങ്ങൾക്കും അത്ഭുതപ്രവർത്തനങ്ങൾക്കും സാക്ഷിയാക്കിയ ഒരു മഹദ് വ്യക്തി ഇത്രത്തോളം അധഃപതിച്ചു എന്നു കരുതാൻ ന്യായമില്ല. മൂസാ നബിക്കു ലഭിച്ച പത്തു കൽപനകളുടെ കാലം

മുതൽ കളവു പറയുന്നതും കള്ളസത്യം ചെയ്യുന്നതും വിലക്കപ്പെട്ടിരുന്ന ഒരു സമൂഹത്തിൽ യേശുവിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പരിശീലനം സിദ്ധിച്ചിട്ടും സത്യം പറയണമെന്നും കള്ളസത്യം ചെയ്യാൻ പാടില്ലെന്നും പഠിച്ചില്ലെന്നു വരുന്നത് ഗുരുവിനും ശിഷ്യന്നും ഒരുപോലെ ആക്ഷേപാർഹമാണെന്നേ പറയാൻ കഴിയൂ.

യേശുവിന്റെ ശിഷ്യന്മാർ യഥാർഥത്തിൽ മോശക്കാരായതുകൊണ്ടാണോ ഇങ്ങനെ അപഹാസ്യരാക്കി ചിത്രീകരിക്കപ്പെട്ടതെന്ന് പരിശോധിക്കാവുന്നതാണ്. ചുംബനംകൊണ്ട് അടയാളം കാണിച്ച് മുപ്പതു വെള്ളിക്കാശുവാങ്ങി യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസ് വഞ്ചനയുടെ ചരിത്രത്തിൽ എക്കാലത്തെയും ഉന്നതസ്ഥാനത്തിന് അർഹനായി. യേശുവിന്റെ പണസഞ്ചി സൂക്ഷിപ്പുകാരനായിരുന്ന അവൻ അതിൽനിന്ന് മോഷണം നടത്തിയിരുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. ഏറ്റവും അവസാന ദിവസം സന്ധ്യക്ക് പ്രാർഥനക്കായി യേശു കൂടെ കൊണ്ടുപോയ ശിഷ്യന്മാർ മൂന്നുപേരും അതിൽ പങ്കെടുക്കാതെ കൂർക്കംവലിച്ചുറങ്ങുകയാണ് ചെയ്തതെന്നു പറയുമ്പോൾ അവർക്ക് ആത്മീയ കാര്യങ്ങളിൽ ശ്രദ്ധയും താൽപര്യവും കുറവായിരുന്നു എന്നുവേണം മനസ്സിലാക്കാൻ.

ശത്രുക്കളുടെ കൈയിൽ അകപ്പെട്ട സമയത്ത് പന്ത്രണ്ടംഗ ശിഷ്യസംഘം യേശുവിന് യാതൊരു സഹായവും ചെയ്യാതെ എല്ലാവരും ഓടി സ്വയം രക്ഷ പ്രാപിച്ചപ്പോൾ നഗ്നനായിട്ടായിരുന്നത്രെ ഒരാളുടെ ഓട്ടം. കടലിനോട് മല്ലടിച്ച് മത്സ്യം പിടിച്ചിരുന്ന ആ പന്ത്രണ്ടംഗ സംഘം ഇത്ര ഭീരുക്കളായി മാറിയെന്നു പറയുന്നതും അവിശ്വസനീയംതന്നെ. യേശുവിന്റെ വിരോധിയും അക്കാരണത്താൽ ശിഷ്യന്മാരുടെയും വിരോധിയായിരുന്ന പൗലോസ് അപ്പോസ്തലന്റെ സ്വാധീനവലയത്തിലായിരുന്നതുകൊണ്ടാണ് ക്രിസ്തുശിഷ്യന്മാരെപ്പറ്റി ഇപ്രകാരം മോശം പരാമർശങ്ങൾ സുവിശേഷ കർത്താക്കൾ നടത്താനിടയായതെന്നാണ് ചില ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം.

യേശുവിന്റെ ശിഷ്യന്മാരെപ്പറ്റി ഖുർആനിലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ആദരണീയരായേ അവരെ പരാമർശിച്ചിട്ടുള്ളൂ. പ്രാർഥനക്കായി യേശുവൊന്നിച്ചു പുറപ്പെട്ട ശിഷ്യന്മാർ മൂവരും അതിൽ പങ്കെടുക്കാതെ ഗാഢനിദ്രയിലാണ്ടുപോയി എന്നു ബൈബിൾ പറയുമ്പോൾ അവർക്കു മതകാര്യങ്ങളിലും ആത്മീയകാര്യങ്ങളിലും താൽപര്യമുണ്ടായിരുന്നില്ല എന്നാണു തോന്നുക. എന്നാൽ അതിനു വിരുദ്ധമായി മതകാര്യങ്ങളിൽ അവർ അതീവ തൽപരരായിരുന്നു എന്നാണ് ഖുർആൻ സൂക്തങ്ങളിൽനിന്ന് തെളിയുന്നത്. ഒരിക്കൽ യേശു ചോദിച്ചു:

''ദൈവമാർഗത്തിൽ എനിക്കു സഹായികളായി ആരുണ്ട്? ഹവാരികൾ( യേശുവിന്റെ ശിഷ്യന്മാർ) പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ്. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ അല്ലാഹുവെ അനുസരിക്കുന്നവരാണെന്ന് അങ്ങ് സാക്ഷ്യം വഹിച്ചാലും.

“ഞങ്ങളുടെ നാഥാ, നീ ഇറക്കിത്തന്നതിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. നിന്റെ ദൂതനെ ഞങ്ങൾ പിന്തുടരുകയും ചെയ്തിരിക്കുന്നു. അതിനാൽ സത്യത്തിന് സാക്ഷ്യംവഹിക്കുന്നവരുടെ കൂട്ടത്തിൽ ഞങ്ങളെയും നീ ഉൾപ്പെടുത്തേണമേ” (ഖുർആൻ 3:52,53).

ശിഷ്യന്മാരുടെ കഴിവും പ്രവർത്തനസന്നദ്ധതയും യേശുവിനും ബോധ്യമായിരുന്നു. അതിനുള്ള അംഗീകാരവും അഭിനന്ദനവും എന്ന മട്ടിൽ യേശു അവരോട് പറഞ്ഞു:

“പത്രോസ് യേശുവിനോടു ചോദിച്ചു: ഇതാ, ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു. ഞങ്ങൾക്കെന്താണു ലഭിക്കുക?

യേശു അവരോടു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പുനർ ജീവിതത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ, എന്നെ അനുഗമിച്ച നിങ്ങൾ ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിച്ചുകൊണ്ട് പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരിക്കും” (മത്തായി 19: 27,28).

(തുടരും)